[Shri P S. Nataraja Pillai]

for some time and had to be paid; and necessary adjustments had to be made. When the new posts were created, the establishments had to be increased and their pay and dearness allowance had to be provided for. As will be seen on a perusal of the list supplied, all the items of expenditure have already been incurred. I therefore request the House to sanction the amount.

*Chief Minister* (**Shri A. Thanu Pillai**) : I second it.

The questson that a supplementary sum not exceeding Rs. 28,600 be granted under Demand XII—25 F. Pay of Officers, Contingencies, etc. was put and carried.

The grant was made.

## Demand XII 25.—General Aministration—
## H.—Miscellaneous.

*Chief Minister* (**Shri A. Thanu Pillai**) : I beg to move a supplementary grant of Rs. 46,300 under Demand No. XII—General Administration—H. Miscellaneous (a) Miscellaneous—Services Advisory Committee.

സർവ്വീസ് അഡ്വൈസറി കമ്മിററി, തിരുവിതാംകൂർ-കൊച്ചി സംയോജനത്തെ തുടർന്ന് ഡിപ്പാർട്ടുമെൻറുകളിലെ സിവിൽലിസ്ററ് തയ്യാറാക്കുന്നതിനും, നാമനിർദ്ദേശങ്ങൾ ചെയ്ത സ്ഥാനങ്ങൾ നിർദ്ദേശിക്കുന്നതിനും, വേണ്ടവണ്ണം ആലോചിച്ച് ഇൻറഗ്രേഷൻ ശരിപ്പെടുത്തുന്നതിനും, അതിനെത്തുടർന്നുള്ള റിക്കാർഡുകൾ ശരിയാക്കുന്നതിനുംവേണ്ടി രൂപീകരിച്ചിട്ടുള്ളതാണ്. ൧൯൫൩-ലെ ബഡ്ജററ് പാസ്സാക്കിയതിനുശേഷമാണ് ഈ കമ്മിററി രൂപീകരിച്ചത്. അതുകൊണ്ടു ഈ കമ്മിററിയുടെ ചെലവിലേയ്ക്കാവശ്യമുള്ള തുക ഈയാണ്ടത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടില്ല. എന്നാൽ കമ്മിററി പ്രവർത്തനം നടത്തിയിട്ടുമുണ്ട്. ആദ്യമായി മുഴുവൻ സമയവും ജോലിചെയ്യുന്ന ചില ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. ഏതാനും മാസം കഴിഞ്ഞതിനുശേഷം അവരിൽ ചിലരെ അവരുടെ സ്ഥിരം ജോലികൾക്കു തിരിച്ചയയ്ക്കുകയും, കമ്മിററിയിലെ ജോലിയുംകൂടി 'പാർട്ട് ടൈം' ആയി ചെയ്യുന്നതിനു വ്യവസ്ഥ ചെയ്യുകയും ചെയ്തു. അതു സംബന്ധമായുള്ള ചെലവുകൾക്കുവേണ്ടിയാണ് ഈ സപ്ലിമെൻററി ഗ്രാൻറ ആവശ്യപ്പെട്ടിരിക്കുന്നതു്. ഈ കമ്മിററിയുടെ ജോലി തുടർന്നുകൊണ്ടു പോകണമെന്നാണ് ഗവണ്മെൻറ് തീരുമാനിച്ചിട്ടുള്ളതു്. അതിനാവശ്യമുള്ള ൪൬,൩൦൦ രൂപാ ൧൯൫൪ ഫെബ്രുവരി അവസാനംവരെയുള്ള കാലത്തേയ്ക്കാണ്. മാർച്ചുമുതലുള്ള ചെലവു അടുത്ത ആണ്ടത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. അതിനാൽ ഈ തുക ഈ സഭ അനുവദിക്കണമെന്നാണ് എൻെറ അപേക്ഷ.

*Minister for Finance* (**Shri P. S. Nataraja Pillai**:) I second it.

ശ്രീ. കെ. മഞ്ജുനാഥ പ്രഭു : ഈ സർവ്വീസ അഡ്വൈസറി കമ്മിററി എല്ലാ ഡിപ്പാർട്ടുമെൻറുകളുടെയും സംയോജനം ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. അതു കഴിയുന്നതും വേഗത്തിൽ പൂർത്തിയാക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ സപ്ലിമെൻററി ഗ്രാൻറിനെ അനുകൂലിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

ശ്രീ. എ. താണുപിള്ള : കഴിയുന്നതും വേഗത്തിൽ ഈ സംയോജനം പൂർത്തിയാക്കാമെന്നും നിവൃത്തിയുള്ളിടത്തോളം കാലതാമസം വരുത്തുകയില്ലെന്നും ഞാൻ ബഹുമാനപ്പെട്ട മെംബറന്മാരെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. എ. കുഞ്ഞൻ നാടാർ : സംയോജനം നടന്നുകഴിഞ്ഞ ഡിപ്പാർട്ടുമെന്റുകളിൽ പല അഴിമതികളും നടന്നിട്ടുണ്ടെന്നു പരാതിയുണ്ടു. അതിനുവേണ്ട നിവാരണനടപടികൾ നടത്തുമോ?

ശ്രീ. എ. താണുപിള്ള : ആ വക സംഗതികളെപ്പറ്റി അന്വേഷിക്കാനുള്ള സമയം ഈ മന്ത്രിസഭയ്ക്കു് ഇതേവരെ ലഭിച്ചിട്ടില്ല. സാധാരണ ഗതിയിൽ ഒരു ഗവമ്മെന്റു ചെയ്തിട്ടുള്ള തീരുമാനങ്ങൾ, അടുത്തുവരുന്ന ഗവമ്മെന്റു ഭേദഗതി ചെയ്യുന്നതു ശരിയല്ല. അത്യാവശ്യമായി വേണ്ടിവരുന്ന കാര്യങ്ങൾ മാത്രമെ മാററം വരുത്തുകയുള്ളുവെന്നുമുള്ള സംഗതി എല്ലാവരും അറിഞ്ഞിരിക്കണം. ഈ കാര്യത്തിൽ ആവശ്യമുണ്ടെന്നു കാണുന്നപക്ഷം വേണ്ട മാററം വരുത്താമെന്നുമാത്രം ഞാൻ ഉറപ്പിച്ചു പറഞ്ഞുകൊള്ളുന്നു. അതു ന്യായമായിരിക്കുകയും ചെയ്യും.

The question that a supplementary sum not exceeding Rs.46,300 be granted under Demand XII—25— General Administration—H. Miscellaneous (a) Miscellaneous—Services Advisory Committee—was put and carried.

The grant was made.

## Demand XIII—27 (b) Law Officers.

*Chief Minister* **(Shri A. Thanu Pillai)** : Sir, I move for a grant ft Rs. 16,500 under Demand No. XIII. That is covered by items 21, 22, 23 and 24 in the Schedule of Supplementary Demand for Grants, circulated to Members.

ഈ തുകകൾ പലയിനങ്ങളിലായിട്ടാണു കൊള്ളിച്ചിട്ടുള്ളതു്. അതായതു്, ലാ ആഫീസേഴ്സിന്റെ ശമ്പളംവകയ്ക്കു ൨൧-ാം ഐററ ിൽ കൊള്ളിച്ചിട്ടുള്ള ൭൭൦൦ രൂപയും, അവരുടെ എസ്റ്റാബ്ലിഷ്മെന്റു ചെലവിനു് ൨൨-ാമത്തു ഐററമായി കൊള്ളിച്ചിട്ടുള്ള. ൧,൦൬൦ രൂപയും, ലാ ആഫീസർമാരുടെ ക്ഷാമബത്ത മുതലായ അലവൻസുകൾക്കവേണ്ടി ൨൩-ാമത്തു ഐററത്തിൽ കൊള്ളിച്ചിട്ടുള്ള ൨,൭൪൦ രൂപയും, അവരുടെ കണ്ടിൻജൻസി ചെലവുകൾക്കായി ൨൪-ാമത്തു ഐററത്തിൽ കൊള്ളിച്ചിട്ടുള്ള ൫,൦൦൦ രൂപയും ഈ സപ്ലിമെന്ററി ഗ്രാന്റിൽ ഉൾപ്പെടുന്നു. ഈ ൧൬,൫൦൦ രൂപ ആവശ്യപ്പെട്ടിട്ടുള്ളതു് എന്തിനാണെന്നു് ഇവിടെ വിതരണം ചെയ്തിട്ടുള്ള ഫൈനാൻഷ്യൽ സ്റ്റേററുമെന്റിന്റെ അനുബന്ധത്തിൽനിന്നും മനസ്സിലാക്കാം.

ന്യൂ ഡെൽഹിയിൽ, ഇവിടത്തെ ഗവണ്മെന്റു അപ്പഴപ്പോൾ വരുന്ന കേസ്സുകളെപ്പററി വേണ്ടതുചെയ്യുന്നതിനു് ഒരു അഡ്വക്കേററിനെ നിയമിച്ചിട്ടുണ്ടു്. കൂടാതെ ഒരു ഗവണ്മെന്റു പ്ലീഡറെയും അവിടെ നിയമിച്ചിട്ടുണ്ടു്. അതിലേയ്ക്കുള്ള ശമ്പളച്ചെലവാണു് ൨൧-ാം ഐററത്തിൽ കൊള്ളിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly